**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **15-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏതെല്ലാം ഇനത്തിലുള്ള കുടിശികയാണ് നൽകാനുള്ളത്; ഇവ പൂർണ്ണമായി നൽകുന്നതിന് ആകെ എത്ര തുക ആവശ്യമുണ്ട്; പ്രസ്തുത കണക്കുകൾ ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ നാളിതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളത് എന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ജീവനക്കാർക്കു ശമ്പള പരിഷ്കരണം അനുവദിക്കുന്നതു വഴി പ്രതിവർഷം സർക്കാരിനു ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയായി കണക്കാക്കിയിരിക്കുന്നതു 3572.13/- കോടി രൂപയാണ്. ഏകദേശം രണ്ട് വർഷത്തെ കുടിശ്ശിക ജീവനക്കാർക്ക് അനുവദിക്കുവാനുണ്ട്. സംസ്ഥാന സർവീസ് പെൻഷൻകാർക്ക് 11-ാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യാനാണ് ഉത്തരവായിരുന്നത്. അതിൽ 3 ഗഡുക്കൾ ഇതിനോടകം പെൻഷൻകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ 4-ാമത്തെ ഗഡു മാത്രമാണ് അനുവദിക്കാനുള്ളത്. പ്രസ്തുത കുടിശ്ശിക അനുവദിക്കുന്നതിനായി ഏകദേശം 572.90 കോടി രൂപ ആവശ്യമായി വരുന്നതാണ്.** |
| (ബി) | 1.7.2024 മുതൽ സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും ലഭിക്കേണ്ട പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (ബി) | **ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.** |
| (സി) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശിക നൽകുന്നതിനും പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ആവശ്യമായ തുക നേടിയെടുക്കുന്നതിന് പതിനാറാം | (സി) | **സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശ്ശിക നൽകുന്നതും പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതും പതിനാറാം ധനകാര്യ കമ്മീഷന്റെ മുൻപാകെ സംസ്ഥാനം** |

| | | | |
|---|---|---|---|
| | ധനകാര്യ കമ്മീഷന്റെ മുൻപാകെ ആവശ്യമായ ശിപാർശ സമർപ്പിക്കുമോ? | | **സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലെ പരിഗണനാ വിഷയങ്ങൾ അല്ല.** |

സെക്ഷൻ ഓഫീസർ